"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് ഭരണപരം - എക്സൈസ് കമ്മീഷണറേറ്റിലെ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ.ഉമേഷ്.ബി, ഫിനാൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന കാലയളവിലെ ചാർജ്ജ് അലവൻസ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നികുതി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.385/2026/TAXES തീയതി,തിരുവനന്തപുരം, 23-04-2026

പരാമർശം:-
1. 11.07.2017-ലെ സ.ഉ.(അച്ചടി) നം.88/2017/ധന
2. അഡീഷണൽ എക്സൈസ് കമ്മീഷണർ (ഭരണം)-യുടെ 27.09.2025-ലെ EXC/5278/2025-XD4 നമ്പർ നടപടിക്രമം
3. 21.12.2025-ലെ സ.ഉ(സാധാ)നം.1153/2025/നികുതി
4. എക്സൈസ് കമ്മീഷണറുടെ 31.01.2026-ലെ EXC/710/2026-XD4 നമ്പർ കത്ത്

**ഉത്തരവ്**

എക്സൈസ് കമ്മീഷണറേറ്റിലെ മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ.ഉമേഷ്.ബി-ക്ക് ഫിനാൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല നൽകികൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിട്ടുള്ളതാണെന്നും, പ്രസ്തുത ഉത്തരവ് പരാമർശം (3) പ്രകാരം സർക്കാർ സാധൂകരിച്ചിട്ടുള്ളതുമാണെന്നും, അധിക ചുമതല വഹിച്ചിരുന്ന കാലയളവിലെ ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിന് ശ്രീ.ഉമേഷ്.ബി അപേക്ഷ സമർപ്പിച്ചിരുന്നതായും പരാമർശം (4) പ്രകാരം എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.ഉമേഷ്.ബി 27.09.2025 AN മുതൽ 27.11.2025 FN വരെ ഫിനാൻസ് ഓഫീസറുടെ എല്ലാ ചുമതലകളും പൂർണ്ണമായും നിർവ്വഹിച്ചിട്ടുള്ളതാണെന്നും അതിനാൽ അധിക ചുമതല വഹിച്ച പ്രസ്തുത കാലയളവിലെ ചാർജ്ജ്

അലവൻസ് അനുവദിക്കാവുന്നതാണെന്നും എക്സൈസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീ.ഉമേഷ്.ബി ഫിനാൻസ് ഓഫീസറുടെ പൂർണ്ണ അധിക ചുമതല വഹിച്ചിരുന്ന 28.09.2025 മുതൽ 26.11.2025 വരെയുള്ള കാലയളവിൽ അധിക തസ്തികയുടെ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 4% എന്ന നിരക്കിൽ കെ.എസ്.ആർ. ഭാഗം. I, ചട്ടങ്ങൾ 53 (b) (2) [പരാമർശം (1) പ്രകാരം ഭേദഗതി ചെയ്തതനുസരിച്ച്], 53 A (II) (C), 53 (c) എന്നിവ പ്രകാരം ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിന് എക്സൈസ് കമ്മീഷണർക്ക് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
നിസ്സാർ .എ
ഡെപ്യൂട്ടി സെക്രട്ടറി

1. എക്സൈസ് കമ്മീഷണർ, തിരുവനന്തപുരം
2. ശ്രീ.ഉമേഷ്.ബി, മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, (എക്സൈസ് കമ്മീഷണർ മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്/ഇ.ആർ.എസ്.എ), തിരുവനനന്തപുരം, കേരളം
4. ധനകാര്യ വകുപ്പ് (16.04.2026-ലെ EXP-B1/91/2026-FIN പ്രകാരം)
5. വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എഫ്2/24/2026-നികുതി)

ഉത്തരവിൻ പ്രകാരം

Signed by
Vivil Kumar
സെക്ഷൻ ഓഫീസർ
Date: 23-04-2026 16:56:45